## ജില്ലാ കോ-ഓർഡിനേറ്റർ നിയമനം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെ ആവശ്യമുണ്ട്.

അതാത് ജില്ലകളിൽ നിലവിൽ സർക്കാർ സ്കൂളിൽ ജോലി ചെയ്യുന്ന അധ്യാപകരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുന്നത് . ചുരുങ്ങിയത് 10 വർഷത്തെ അധ്യാപന പരിചയമുള്ള താൽപര്യമുള്ളവർ ജനുവരി 29- ന് വൈകിട്ട് 5 മണിക്കകം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാന ഓഫീസിലേക്ക് അപേക്ഷകൾ അയക്കേണ്ടതാണ്. അപേക്ഷയോടൊപ്പം വ്യക്തിപരമായ വിവരങ്ങൾ , സർവ്വീസ് സംബന്ധമായ വിവരങ്ങൾ, കരിക്കുലം വികസനം , അധ്യാപക പരിശീലനം തുടങ്ങി ഇടപെട്ടിട്ടുള്ള അക്കാദമിക കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ , സ്കൂൾ തലം മുതൽ മുകളിലോട്ട് വിവിധതലങ്ങളിൽ പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ , കേരള സർക്കാരിന്റെ നേതൃത്വത്തിൽ നടന്ന വിദ്യാഭ്യാസം, വികസനം തുടങ്ങിയ ക്യാമ്പയിനുകളിൽ പങ്കാളികളാണെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള ബയോഡേറ്റയാണ് അയക്കേണ്ടത്. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം ഓഫീസ് നടത്തുന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാകും നിയമനം.

അയക്കേണ്ട വിലാസം : keralaeducationmission@gmail.com

സി.ഇ.ഒ<br>
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഓഫീസ്<br>
അനക്സ്സ് 2 റൂം നമ്പർ- 486,<br>
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്<br>
തിരുവനന്തപുരം.

18/1/18

Dr. P. K. Jayasree IAS<br>
Chief Executive Officer<br>
Public Education Rejuvenation Campaign<br>
(Kerala Education Mission)<br>
Thiruvananthapuram